**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5495** **15-03-2023 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ബഡ്ജറ്റിൽ അനുമതി നൽകി ഇരുപത് ശതമാനം ഫണ്ട് അനുവദിച്ചിട്ടുള്ള ചിറ്റൂർ കെ.എസ്.ആർ.ടി.സി. യാർഡ് നിർമ്മാണം എന്ന പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള ബഡ്ജറ്റ് 2021-22 വാല്യം II, അനുബന്ധം II-ൽ ചിറ്റൂർ കെ.എസ്.ആർ. ടി.സി. കെട്ടിടവും യാർഡ് നിർമ്മാണവും എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. (പേജ് നമ്പർ 78, ക്രമനമ്പർ 1310, അടങ്കൽ തുക 200 ലക്ഷം, 20% വകയിരുത്തിയിരിക്കുന്ന തുക 40 ലക്ഷം)<br><br>KSRTC-യുടെ Functional Requirements ഉൾപ്പെടുത്തി അംഗീകൃത PMC ആയ Kerala Rail Development Corporation Limited മുഖേന പ്രസ്തുത പദ്ധതിക്കായി പ്ലാൻ തയ്യാറാക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിനായി 10/3/2023 തീയതിയായി പൊതുമരാമത്ത് വകുപ്പിന് കത്ത് നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ